Q2/50174/2022/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

വികാസ് ഭവൻ , തിരുവനന്തപുരം .

17.02.2023

## സംസ്കൃതസ്കോളർഷിപ്പ് പുതുക്കൽ വിജ്ഞാപനം 2022-223

കേരളത്തിലെ എല്ലാ സംസ്കൃതകോളേജിലെയും , സംസ്കൃതം പ്രധാനവിഷയമായി എടുത്തുപഠിക്കുന്ന ആർട്ട്സ്& സയൻസ് കോളേജുകളിലെയും ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിലെയും വിദ്യാർത്ഥി/വിദ്യാർത്ഥിനികളിൽ നിന്നും 2022-23 വർഷത്തെ സംസ്കൃത സ്കോളർഷിപ്പ് പുതുക്കി നൽകുന്നതിനു വേണ്ടിയുള്ള അപേക്ഷ ഓൺലൈൻ മുഖാന്തിരം സമർപ്പിക്കാവുന്നതാണ്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ www .dcescholarship .kerala .gov .in ൽ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാം.

1) യോഗ്യതകൾ

എ)2020 -21 ,2021 -22 വർഷങ്ങളിൽ പ്രസ്തുത സ്കോളർഷിപ്പിന് അർഹരായവരും ഇപ്പോൾ തുടർന്ന് പഠിക്കുന്നവരുമായ രണ്ട്,മൂന്ന് വർഷ ഡിഗ്രി , രണ്ടാം വർഷം പി.ജി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പുതുക്കലിന് അപേക്ഷിക്കാവുന്നതാണ്.

ബി) സെമസ്റ്റർ വർഷാവസാന പരീക്ഷയിൽ ആദ്യ അവസരത്തിൽതന്നെ 45%ത്തിൽ കുറയാതെ മാർക്ക് നേടിയിരിക്കണം.

2) സ്കോളർഷിപ്പ് തുക:-

ബിരുദം, ബിരുദാനന്തര ബിരുദം -2000/-രൂപ

3)ബന്ധപ്പെട്ട മറ്റു വിവരങ്ങൾ

അപേക്ഷകർക്ക് ഐ.എഫ്.എസ്. കോഡുള്ള നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് എന്നിവയിൽ ഏതെങ്കിലും ഒരു ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ് . അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ അക്കൗണ്ട് ലൈവ് ആയിരിക്കണം . തുക അനുവദിക്കുമ്പോൾ അക്കൗണ്ട് ലൈവ് അല്ലെങ്കിൽ സ്കോളർഷിപ് തുക സർക്കാരിലേക്ക് തിരികെ അടക്കുന്നതാണ് .

4) അപേക്ഷിക്കേണ്ട രീതി

വിദ്യാർത്ഥികൾക്ക് അപേക്ഷകൾ ഓൺലൈനായി 26/02/2023വരെ സമർപ്പിക്കാവുന്നതാണ്. ഇതിനായി

എ)www .dcescholarship .kerala .gov .in എന്ന വെബ് സൈറ്റിലെ sanskrit scholarship (SSE)എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

ബി) വലതുവശത്തെ Renewal button ക്ലിക്ക് ചെയ്യുക

സി) അപേക്ഷകൻ പഠിക്കുന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന District , institution type എന്നിവ സെലക്ട് ചെയ്യുക.

ഡി) അപേക്ഷർ പഠിക്കുന്ന സ്ഥാപനത്തിൻറെ പേര് സെലക്ട് ചെയ്യുക.

ഇ) അപേക്ഷകർ പഠിക്കുന്ന കോഴ്സിൽ അഡ്മിഷൻ നേടിയ വർഷം സെലക്ട് ചെയ്യുക.

എഫ്) അപേക്ഷകൻറെ പേര് സെലക്ട് ചെയ്യുക.

ജി) രജിസ്ട്രേഷൻ ഐ.ഡി.പൂരിപ്പിക്കുക. ആവശ്യമായ എല്ലാ വിവരങ്ങളും പൂരിപ്പിച്ചതിനുശേഷം submit ക്ലിക്ക് ചെയ്യുക.

എച്ച്) ഓൺലൈനിലൂടെ അപേക്ഷ നൽകിയതിനുശേഷം view/Print എടുക്കുക.

ഐ) Registration Form ന്റെ Print out അനുബന്ധ രേഖകൾ സഹിതം ഇപ്പോൾ പഠിയ്ക്കുന്ന സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

ജെ) വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന രേഖകളും Registration Print out ഓൺലൈൻ വഴി സ്ഥാപനമേധാവി പരിശോധിക്കേണ്ടതാണ്. ( verification )

കെ) സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം.(Approval )

(എൽ) ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ അതാത് സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിൻറെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന് പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

(എം) ഓൺലൈനിലൂടെ വെരിഫിക്കേഷനും അപ്രൂവലും നൽകാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(III ) <u>സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട രേഖകൾ</u>

എ)Registration Printout

ബി) അപേക്ഷകൻറെ സ്വന്തം പേരിലുള്ള Bank Passbook ൻറെ ഒന്നാമത്തെ പേജിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ച് അഡ്രസ് ഇവ ഉൾപ്പെടുത്തണം)

സി) മുൻ അദ്ധ്യയന വർഷത്തിലെ പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (റിസൾട്ട്പബ്ലിഷ് ചെയ്തിട്ടില്ലെങ്കിൽ വിദ്യാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങേണ്ടതും, മാർക്ക്ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് ആയതിൻറെ പകർപ്പ് അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ടതുമാണ്.)

(IV <u>അവസാന തീയതികൾ</u>

എ) വിദ്യാർത്ഥികൾ ഓൺലൈൻ വഴി അപേക്ഷകർ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : 26/02/2023

ബി) Registration Printout ഉം മറ്റ് അനുബന്ധ രേഖകളും സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി: 28/02/2023

സി) സ്ഥാപനമേധാവി സൂക്ഷ്മപരിശോധനക്ക് ശേഷം ഓൺലൈൻ വഴി അപേക്ഷകർ അംഗീകരിക്കേണ്ട അവസാന തീയതി : 02/03/2023

മേൽ പ്രസ്താവിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചാൽ പൂർണ്ണ ഉത്തരവാദിത്തം സ്ഥാപനമേധാവിയ്ക്ക് മാത്രമായിരിക്കും എന്ന് കൂടി അറിയിക്കുന്നു.

Manomohan K

മനോമോഹൻ . കെ

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്സ്

കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

**Approval Valid**

Digitally Approved By